LIBRARY ARCHIVES Kerala Legislative Assembly

വൈദ്യുതി നിരക്ക് വർദ്ധനവ്

20(*200) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014 നവംബർ മാസത്തെ വൈദ്യുത നിരക്കിലുണ്ടായ വർദ്ധനവ് എത്രയെന്ന് വിശദമാക്കുമോ ;

(ബി) അടിക്കടിയുണ്ടാകുന്ന ചാർജ്ജ് വർദ്ധനവ് ഒഴിവാക്കുന്നതിന് വകുപ്പ് ജലവൈദ്യുത സ്രോതസ്സുകളല്ലാതെ മറ്റ് ഊർജ്ജ സ്രോതസ്സുകൾ കണ്ടെത്തി വൈദ്യുതി ഉത്പാദിപ്പിക്കുന്നതിന് ശ്രമം നടത്തുന്നുണ്ടോ ; വിശദമാക്കുമോ ;

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്):

(എ) കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ സംസ്ഥാനത്ത് 2014 ആഗസ്റ്റ് 16-ാം തീയതി മുതൽ താരിഫ് വർദ്ധിപ്പിച്ചുകൊണ്ട് ഉത്തരവ് ഇറക്കിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി കൊടുത്തിരിക്കുന്നു.*

(ബി) ഏറ്റവും കുറഞ്ഞ നിരക്കിൽ ലഭിക്കുന്ന വൈദ്യുതി ജലവൈദ്യുത സ്രോതസ്സുകൾ മുഖേന ലഭിക്കുന്നവയാണ്. ജലവൈദ്യുത പദ്ധതികൾ സ്ഥാപിക്കാൻ പാരിസ്ഥിതിക അനുമതി ലഭിക്കാതിരിക്കുകയും, കൽക്കരി, ലിഗ്നൈറ്റ് തുടങ്ങിയ ഇന്ധനങ്ങൾ സംസ്ഥാനത്ത് ലഭ്യമല്ലാത്ത സാഹചര്യത്തിൽ പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളെ പരമാവധി പ്രയോജനപ്പെടുത്താൻ ലക്ഷ്യമിട്ടിട്ടുള്ള പദ്ധതികൾ സർക്കാർ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. എന്നാൽ സാങ്കേതിക വിദ്യയിലെ വലിയ വികാസത്തിലൂടെ മാത്രമേ ഈ പദ്ധതികളിൽ നിന്നുള്ള ഉൽപ്പാദനം വൈദ്യുതി ആവശ്യത്തിനനുസരിച്ച് നിയന്ത്രിക്കാൻ കഴിയൂ എന്നത് ഈ പദ്ധതികളുടെ പരിമിതിയാണ്. വില, സാങ്കേതികവിദ്യ, ലഭ്യത ഇവ കണക്കാക്കി, ഉൽപ്പാദനം നിയന്ത്രിക്കാവുന്ന തരത്തിൽ, ഇന്ധനം കരുതി വയ്ക്കാവുന്ന തരത്തിൽ പാരമ്പര്യേതര ഊർജ്ജ പദ്ധതികൾ വികസിപ്പിക്കേണ്ടതുണ്ട്. ആഭ്യന്തര പ്രകൃതിവാതകത്തിലെ ലഭ്യതക്കുറവും ഇറക്കുമതി വിലയിലെ സന്ദിഗ്ധതയും പ്രകൃതിവാതകാധിഷ്ഠിത പദ്ധതികൾക്ക് പ്രതിബന്ധങ്ങളാണ്. ആവശ്യമുള്ള അളവിൽ ആഭ്യന്തര പ്രകൃതിവാതകം ലഭ്യമാകുകയും, ഗ്യാസ് പൈപ്പ് ലൈൻ ശൃംഖല സംസ്ഥാനത്ത് പൂർത്തീകരിക്കുകയും ചെയ്യുമ്പോൾ മാത്രമേ വാതകാധിഷ്ഠിത പദ്ധതികൾ പ്രായോഗികമാവുകയുള്ളൂ.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തെ ഊർജ്ജാവശ്യകത പരിഗണിച്ച് ഉപഭോക്താക്കൾക്ക് കുറഞ്ഞ നിരക്കിൽ മെച്ചപ്പെട്ട നിലവാരമുള്ള വൈദ്യുതി നൽകുന്നതിനായി കേരള സംസ്ഥാന വൈദ്യുതി ബോർഡ് താഴെ പറയുന്ന നടപടികൾ എടുത്തിട്ടുണ്ട്.

1. ടാറ്റ മൈത്തോൺ കമ്പനിയിൽ നിന്നും 150 മെഗാവാട്ട് വൈദ്യുതി 25 വർഷത്തേക്ക് കേന്ദ്ര കമ്മീഷൻ അംഗീകരിക്കുന്ന നിരക്കിൽ വാങ്ങുന്നതിന് 2013-14-ൽ കരാറിലേർപ്പെട്ടിട്ടുണ്ട്.

2. 250 മെഗാവാട്ട് വൈദ്യുതി ദാമോദർ വാലി കോർപ്പറേഷനിൽ നിന്നും കേന്ദ്ര കമ്മീഷൻ അംഗീകരിക്കുന്ന നിരക്കിൽ 25 വർഷത്തേക്ക് ദീർഘകാലാടിസ്ഥാനത്തിൽ വാങ്ങുന്നതിന് 2013-14-ൽ കരാറിലേർപ്പെട്ടിട്ടുണ്ട്.

3. 850 മെഗാവാട്ട് വൈദ്യുതി മത്സരാധിഷ്ഠിത ദർഘാസുകൾ മുഖേന ദീർഘ കാലാടിസ്ഥാനത്തിൽ 25 വർഷത്തേക്ക് വാങ്ങുന്നതിനുള്ള നടപടികൾ എടുക്കുകയും അതിനുള്ള കരാർ 2014 ഡിസംബർ മാസം അവസാനത്തോടുകൂടി ഒപ്പുവയ്ക്കുന്നതുമാണ്. ഇത്തരം ദീർഘകാല താപവൈദ്യുതി വാങ്ങുന്നതിനുള്ള കരാറുകൾ വഴി മൊത്തം വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള ചെലവ് കുറച്ചുകൊണ്ട് വരാൻ കഴിയുമെന്ന് കരുതുന്നു.

4. മേൽപ്പറഞ്ഞവയെല്ലാം കൽക്കരി അധിഷ്ഠിതമായ ഒരു താപനിലയത്തിന്റെ ആവശ്യകതയാണ് കാണിക്കുന്നത്. ചീമേനിയിൽ ഒരു കൽക്കരി വൈദ്യുത നിലയം സ്ഥാപിക്കാനുള്ള സാദ്ധ്യത പരിശോധിച്ചുവരുന്നു.

5. വൈദ്യുതി ബോർഡിന്റെ ബി.ഡി.പി.പി. നിലയം ഭാഗികമായി എൽ.എൻ.ജി. അടിസ്ഥാനമാക്കിയുള്ള നിലയമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. (40 MW)

7. ഇതുകൂടാതെ ഏതാണ്ട് 300 MW സ്ഥാപിതശേഷിയുള്ള ജലവൈദ്യുത പദ്ധതികളും സൗരോർജ്ജ നിലയങ്ങളിൽ നിന്ന് വൈദ്യുതി ഉൽപാദിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

നിക്ഷേപക സുരക്ഷാ ഫണ്ട് ബോർഡ്

21(*201) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. പാലോട് രവി :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിക്ഷേപക സുരക്ഷാ ഫണ്ട് ബോർഡ് രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;